## പതിനാലാം കേരള നിയമസഭ
## 9-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 730** **24.01.2018 -ൽ മറുപടിയ്ക്ക്**

## അതിരപ്പിള്ളി ടൂറിസം

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അതിരപ്പിള്ളി ടൂറിസം മേഖലയിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ ഏതെല്ലാമാണെന്നും അവ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ; | (എ) | അതിരപ്പിള്ളിയിൽ ടൂറിസം മേഖലയുടെ വികസനത്തിനായി താഴെ പറയുന്ന പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തികൾ പ്രാരംഭ ഘട്ടത്തിലാണ്.<br>1. യാത്രി നിവാസ് നിർമ്മാണം<br>2. ടൂറിസ്റ്റ് ഫസിലിറ്റേഷൻ സെന്റർ പാർക്കിംഗ് ഏരിയ , പബ്ലിക് പാർക്ക് വ്യൂ പോയിന്റ് എന്നിവയുടെ നിർമ്മാണം<br>3. തുമ്പൂർമൂഴിയിൽ , കർട്ടൻ ഫൗണ്ടൻ, ഡീസൽ ജനറേറ്റർ, ഫൂട്ട് ഓവർ ബ്രിഡ്ജ്,നടപ്പാതകൾ, ഇരിപ്പിടങ്ങൾ,കുട്ടികളുടെ പാർക്കിന്റെ നവീകരണം, കടകൾ മാറ്റി സ്ഥാപിക്കൽ |
| (ബി) അതിരപ്പിള്ളി ഉൾപ്പെടെയുള്ള ടൂറിസം സർക്യൂട്ട് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനായി 98.93 കോടി രൂപയുടെ അതിരപ്പിള്ളി - മലയാറ്റൂർ -കാലടി-കോടനാട് നാച്ചുർ സർക്യൂട്ട് എന്ന പ്രൊപ്പോസൽ സംസ്ഥാനം കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അതിരപ്പിള്ളി മലയാറ്റൂർ-കാലടിയുടെ ഫൈനൽ മാസ്റ്റർപ്ലാൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) ടൂറിസം പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഇവയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തികൾ വിവിധ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ